**SA2 Examination 2012-13**
**Subject: Malayalam**

**Grade: 10** **Date: 24.03.13**
**Marks: 90** **Time: 3 hrs**

എ വിഭാഗം

(A) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടേയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:( 2× 5 =10)

മനസ് ഒരു ചിന്താപ്രവാഹം മാത്രമാണ്. ജലപ്രവാഹത്തെ നദിയെന്നു പറയുന്നതു പോലെയാണിത്. ഒരു വ്യക്തിയിൽ നിന്ന് നിരന്തരമായി ബാഹ്യലോകത്തേയ്ക്കു പ്രവഹിക്കുന്ന വിചാരങ്ങളെയാണ് മനസ് എന്നു വിളിക്കുന്നത്. നദിയുടെ സ്വഭാവം അതിലെ ജലത്തിൻെറ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നതു പോലെ മനസിൻെറ സ്വഭാവം അതിൻെറ വിചാരങ്ങളെ ആശ്രയിച്ചിരിക്കുന്നു. ജലം ശുദ്ധമാണെങ്കിൽ നദിയും ശുദ്ധമായിരിക്കും. ജലം ദ്രുതമായി പ്രവഹിക്കുന്നുവെങ്കിൽ നദി ദ്രുതവാഹിയാണ്. ഈ ഉപമ മനസിനും പൂർണമായി യോജിക്കും. ഒരു പ്രത്യേക നിമിഷത്തിലെ വിചാരത്തിൻെറ സ്വഭാവവും പെരുമാററവുമാണ് ആ നിമിഷത്തിൽ ആ വ്യക്തിയുടെ മനസിൻെറ രീതി . നല്ല വിചാരങ്ങളാണെങ്കിൽ നല്ല മനസ്. പ്രക്ഷുബ്ധ വിചാരങ്ങളാണെങ്കിൽ പ്രക്ഷുബ്ധ മനസ്. നദിയെ മെരുക്കുക അതിലെ പ്രവാഹത്തെ മെരുക്കുകയാണ്. മനസിനെ മെരുക്കാൻ മൂന്നു വഴികളുണ്ട്. അതിനു വേണ്ടി ചിന്താധാരയുടെ ഗുണം, അളവ്, ദിശ എന്നിവ മാറേറണ്ടിയിരിക്കുന്നു. എങ്കിലേ ഇപ്പോഴുള്ള വ്യക്തിത്വത്തിന് അതിൻെറ രചനയിലും രൂപഘടനയിലും പ്രധാനപ്പെട്ട മാററങ്ങൾ ഉണ്ടാക്കുവാൻ സാധിക്കൂ. ജീവിത രീതിയ്ക്കു സമ്പൂർണമായ മാററമുണ്ടാക്കുക എന്നതാണ് നമ്മുടെ ആത്യന്തികമായ ഉയിർത്തെഴുന്നേല്പിന് അവശ്യം വേണ്ടത്.

1 എന്തിനെയാണ് മനസ് എന്നു വിളിക്കുന്നത്?
2 മനസിൻെറ സ്വഭാവം ആശ്രയിച്ചിരിക്കുന്നത് എന്തിനെയാണ്?
3 മനസിനെ മെരുക്കാൻ ചെയ്യേണ്ടതെന്ത്?
4 വേഗത്തിൽ – എന്ന് അർഥം വരുന്ന പദം ഈ ഖണ്ഡികയിൽ നിന്നും കണ്ടെത്തുക
5 പ്രക്ഷുബ്ധം എന്നതിൻെറ വിപരീത പദം എന്ത്?

## ബി വിഭാഗം

6 പകർച്ചപ്പനി മൂലം നിങ്ങളുടെ പ്രദേശത്ത് നൂറുകണക്കിനാളുകൾ വേണ്ടത്ര ചികിത്സ ലഭിക്കാതെ കഷ്ടപ്പെടുകയാണ്. ഇക്കാര്യം സൂചിപ്പിച്ചു കൊണ്ട് ആരോഗ്യമന്ത്രിക്ക് ഒരുകത്തു തയ്യാറാക്കുക 7

7. ആശയം വിപുലീകരിച്ച് ഒരു ഖണ്ഡിക എഴുതുക: 7

വിളക്കു കൈവശമുള്ളവനെന്നും
വിശ്വം ദീപമയം

8. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 7

1. വനസംരക്ഷണത്തിൻെറ പ്രാധാന്യം
2 അവയവദാനം മഹത്തായ ദാനം
3 പൊതു രംഗത്തെ അഴിമതി

## സി വിഭാഗം

9. വാക്യത്തിലെ തെററുതിരുത്തുക: 2

1. കുടുംബക്ലേശവും ബുദ്ധിമുട്ടും കൊണ്ട് മനസ്സ് ശവപ്പറമ്പായിരിക്കുന്നു
2. ഗാന്ധിജിയുടെ സിദ്ധാന്തങ്ങൾ ധാരാളം തടസ്സങ്ങളും വിഘ്നങ്ങളോ നേരിട്ടു

10. അർഥവ്യത്യാസം വരാതെ നിഷേധവാക്യമാക്കുക

1. ചർക്ക പോലും യന്ത്രമാണെന്ന് അവർ ചൂണ്ടിക്കാട്ടി 2
2. അയാൾ എൻക്വയറി ഓഫീസറെ കാത്തിരുന്നു.

11. പ്രയോഗം മാററുക 2

1. ഞാൻ എല്ലായന്ത്രങ്ങളെയും ബഹിഷ്ക്കരിക്കും
2. മനുഷ്യർ പാവം തുമ്പകളെ ശ്രദ്ധിക്കുന്നില്ല

12. സന്ധി നിർണ്ണയിക്കുക 2

1. ലാഭേച്ഛ
2. വെള്ളക്കൊടി

13 സമാസം നിർണ്ണയിക്കുക 2

1. പയ:കണങ്ങൾ
2. നിർദന്തം

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 5 X 1

14 ആദേശസന്ധിക്ക് ഉദാഹരണമേത്

(a) തിരുവാതിര

(b) അത്യാഗ്രഹം

(c) എത്തിപ്പിടിക്കാൻ

(d) ഉദഗ്രം

15 അയസ്സ് എന്നവാക്കിൻെറ അർഥമെന്ത്?

(a). കാലം

(b) ഇരുമ്പ്

(c). ജീവിതം

(d) ഇരുട്ട്

16 ഭൗതികം എന്ന വാക്കിൻെറ വിപരീതപദമെന്ത്?

(a). ലൗകികം

(b). ആത്മീയം

(c). ഭൗമികം

(d) അഭൗതികം

17 രാത്രി എന്ന വാക്കിൻെറ സമാന പദമല്ലാത്ത വാക്കേത്?

(a). രജനി

(b). നിശ

(c). രാവ്

(d) ഇള

18 പ്രാകൃതഭൂമി എന്ന പദം വിഗ്രഹിക്കുക

(a). പ്രാകൃതം എന്ന ഭൂമി

(b). പ്രാകൃതമായ ഭൂമി

(c). പ്രകൃതിയാകുന്ന ഭൂമി

(d) പ്രാകൃതിയിലുള്ള ഭൂമി

## ഡി വിഭാഗം

19 ഉത്തരമെഴുതുക 8 X 3

1. a) ഞാനെതിർക്കുന്നത് വെറും യന്ത്രത്തെയല്ല; യന്ത്രഭ്രാന്തിനെയാണ് ഗാന്ധിജിയുടെ ഈ പ്രസ്താവനയുടെ പൊരുളെന്ത്? (3)

   b)" സർക്കാർ സ്ഥാപനങ്ങളിൽ ആളുകൾക്കല്ല
   പങ്കതിരിയുന്നത്,കസേരയ്ക്കാണല്ലോ"
   ഈ പ്രസ്താവനയുടെ പൊരുളെന്ത്? (3)

   c) തയ്യൽക്കാരൻ തുന്നാൻമുറിച്ചിട്ട തുണിക്കഷണങ്ങൾക്കു തുല്യമാണ്, യന്ത്രത്തെപ്പററിയുള്ള ഗാന്ധിജിയുടെ അഭിപ്രായങ്ങൾ. വിശദീകരിക്കുക (3)

   d) മേലുദ്യോഗസ്ഥൻെറ കൈയ്യിലെ ഫയലിനു രൂപാന്തരം സംഭവിച്ച് കല്ലുകളായി മാറുന്നതായി കഥാനായകനു തോന്നാൻ കാരണമെന്ത്? (3)

2. a) തുമ്പപ്പൂവ് എന്ന കവിതയിലൂടെ കവി മുന്നോട്ടു വയ്ക്കുന്ന ആശയമെന്ത്? (3)

   b) മോഷ്ടിച്ചെടുത്ത ഒരു രാത്രി എന്ന ശീർഷകത്തിൻെറ ഔചിത്യമെന്ത്? (3)

   c) 'മണ്ടിമണ്ടിക്കരേറുന്നു മോഹവും' എന്ന പാഠഭാഗത്ത്' 'ഏഴെട്ടു കാശിൻെറ ഉന്മദത്തള്ളൽ' എങ്ങനെയൊക്കെ പ്രകടമാകുന്നു? (3)

   d) ജാതിച്ചുവട്ടിൽ ജലസേകമേകും
   ജനങ്ങളിപ്പൂച്ചെടി കൈയനക്കി
   വളർത്തിടുന്നില്ലതുപോട്ടെ; ദൂരെ
   വലിച്ചുമാററുന്നതുമുണ്ടു! കഷ്ടം!- ആശയം അലങ്കാരം ഇവ
   വ്യക്തമാക്കുക (3)

20. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

(8x ½=4)

a) കർമ്മത്തെ ദൈവമായി കണ്ടതാര്?
( ഗാന്ധിജി, നെഹ്റു, ലെനിൻ,കാൾ മാക്സ്)

b) എന്തുകണ്ടിട്ടാണ് കണ്ണ് ചെടിച്ചത്?
( തുമ്പപ്പൂവിനെ, നക്ഷത്രങ്ങളെ, ചെടികളെ, പാവങ്ങളെ )

c) കവി രാത്രി മോഷ്ടിച്ചെടുത്ത് എവിടേയ്ക്കാണു പോയത്?
( നഗരത്തിലേക്ക്, സ്വന്തംവീട്ടിലേക്ക്, ജോലിസ്ഥലത്തേക്ക്, പകലിലേക്ക് )

d) 'ഇരമ്പും പകൽച്ചൂടും പൊടിയും' എന്നതുകൊണ്ട് കവി വിശേഷിപ്പിക്കുന്നത്
(ഓഫീസിനെ, ജീവിതത്തെ, ഗ്രാമത്തെ, നഗരത്തെ)

e) ദീപങ്ങളുടെ ദീപ്തിയെ ദൂരത്താക്കുന്നതെന്ത്?
(എണ്ണവിളക്ക്, വെള്ളിച്ചങ്ങല, വിരുന്നുകാരന്റെ ശോഭ, പൂമേട)

f) വള്ളത്തോളിന്റെ മഹാകാവ്യമേത്
(ചിത്രയോഗം, സാഹിത്യമഞ്ജരി, മഗ്ദലന മറിയം, ഉമാകേരളം )

g) സി.വി.ശ്രീരാമൻ താഴെപ്പറയുന്ന ഏതു വിഭാഗത്തിൽപ്പെടുന്നു.
(തിരക്കഥാകൃത്ത്, ഗാനരചയിതാവ്, കഥാകൃത്ത്, കഥകളിനടൻ)

h) ഗാന്ധിജിയുടെ സിദ്ധാന്തങ്ങളുടെയും അഭിപ്രായങ്ങളുടെയും ആദ്യത്തെ കൈപ്പകർപ്പ്
(ഹിന്ദ് സ്വരാജ്, ഹരിജൻ, യങ് ഇന്ത്യ, ദി ഹിന്ദു )

21. ഏതെങ്കിലും **രണ്ടു** വിഷയങ്ങളെക്കുറിച്ച് ലഘു ഉപന്യാസം രചിക്കുക 2 X 6

(a) ശ്രീമതി ചന്ദ്രമതി ആയൂർ രചിച്ച നോവലിന് 'മൃതസഞ്ജീവനി' എന്ന

തലക്കെട്ട് എത്രമാത്രം അനുയോജ്യമാണെന്നു പരിശോധിക്കുക

(b) അപ്പു ഹരിപ്രിയയെ രക്ഷിച്ചതെങ്ങനെ? ഇത് അവൻെറ ജീവിതത്തിൽ ഉണ്ടാക്കിയ പരിവർത്തനങ്ങളേവ?

(c) അപ്പുവിന് ' ഡോക്ടറുടെ ഡോക്ടർ' എന്ന വിശേഷണം എത്രമാത്രം അനുയോജ്യ മാണെന്നു പരിശോധിക്കുക